# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം
2014 ജൂൺ 26, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

ദേശീയപാതകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ

*391 ശ്രീ. എം. എ. ബേബി
,, എളമരം കരീം
,, എം. ഹംസ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടെ വീതി സംബന്ധിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി സർക്കാരിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുള്ള ദേശീയപാതകളുടെ വീതി സംബന്ധിച്ച് ദേശീയപാതാ അതോറിറ്റിയുടെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ദേശീയപാതകളുടെ തുടർന്നുള്ള വിപുലീകരണ പ്രവർത്തനങ്ങൾ ഏത് രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നും ഇതിന്റെ ഫണ്ട് ലഭ്യത എങ്ങനെ ആയിരിക്കുമെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിൽ സബ്സിഡി അരി ലഭ്യമാക്കുവാൻ നടപടി</u>

*392 ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി കെ.കെ. ലതിക
,, കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ സബ്സിഡി അരി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പൊതുമാർക്കറ്റിൽ അരിയുടെ വില വൻതോതിൽ വർദ്ധിക്കുന്നതിന് കാരണമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അയൽ സംസ്ഥാനങ്ങളിലെ അരിമില്ലുകളിൽ അരിയുടെ ലഭ്യത വർദ്ധിച്ചിട്ടും നേരിട്ട് അരിവാങ്ങുന്നതിന് സപ്ലൈകോ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യേണ്ട അരി കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം</u>

*393 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി കേരളം പദ്ധതി നടപ്പാക്കുന്നതിനായി രൂപീകരിച്ച കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഇത് ലക്ഷ്യമിട്ടിരുന്ന റീസർവ്വേ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ആദിവാസികൾക്ക് നൽകേണ്ട ഭൂമി കണ്ടെത്തുന്നതിന് ഇത് തടസ്സമായിട്ടുണ്ടോ;

(ഡി) അനധികൃത കയ്യേറ്റം കണ്ടെത്താൻ ഉപകരിക്കുമായിരുന്ന കെ.എൽ.ഐ.എം-ന്റെ പ്രവർത്തനം തടസ്സപ്പെടാനുണ്ടായ കാരണം വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഭൂനിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം</u>

*394 ശ്രീ. കെ. എം. ഷാജി
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂനിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച കരട് രേഖ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) നിലവിലെ ഭൂപരിഷ്കരണ നിയമ വ്യവസ്ഥകളിൽ നിന്നും ഈ നിർദ്ദേശങ്ങളിൽ എന്തൊക്കെ വ്യത്യാസങ്ങളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ദേശീയ - സംസ്ഥാന - ജില്ലാ റോഡുകൾക്ക്</u>
<u>അന്തർദേശീയ നിലവാരം</u>

*395 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ - സംസ്ഥാന - ജില്ലാ റോഡുകളെ അന്തർദ്ദേശീയ നിലവാരത്തിൽ പരിഷ്കരിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡ് പരിഷ്കരണം എല്ലാ ജില്ലാ റോഡുകളെയും ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകൾക്ക് ശനിയാഴ്ച അവധി</u>

*396 ശ്രീ. കെ. ദാസൻ
,, ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകൾക്ക് ശനിയാഴ്ച അവധി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിക്കാതെ സ്കൂൾ കലണ്ടറിൽ ശനിയാഴ്ച പ്രവൃത്തിദിനമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.ഇ.ആർ.ടി. തയ്യാറാക്കിയ സ്കൂൾ ടൈംടേബിൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) പീരിയഡുകളുടെയും ഇടവേളകളുടെയും ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>നെല്ല് സംഭരിക്കുമ്പോൾ തന്നെ വില നൽകാനുള്ള സംവിധാനം</u>

*T397 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിലൂടെ കുത്തരി വിതരണം ചെയ്യുന്നതിനുള്ള നെല്ല് സംഭരണത്തിനായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിവോൾവിംഗ് ഫണ്ട് എന്നത്തേക്ക് രൂപീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ:

(ബി) പി.ആർ.എസ്.(പാഡി റെസീറ്റ് ഷീറ്റ്) രേഖപ്പെടുത്തിയിട്ടുള്ള ഏത് ബാങ്ക് അക്കൗണ്ടിലേക്കും പണം കൈമാറാൻ നിർദ്ദേശം നൽകിയാൽ ബാങ്കുകളിലൂടെ കർഷകർക്ക് പണം ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) നെല്ലുസംഭരണം നെൽകൃഷി മേഖലയ്ക്ക് താങ്ങായെങ്കിലും കൃത്യമായി വിലനൽകാൻ സപ്ലൈകോയ്ക്ക് സാധിക്കാത്തത് നെൽകൃഷി മേഖലയിലുള്ള പ്രശ്നങ്ങൾ രൂക്ഷമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നെല്ല് സംഭരിക്കുമ്പോൾതന്നെ വില നൽകാനുള്ള സംവിധാനം ഒരുക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിലെ വാഗ്ദാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അണ്ടർ വാല്യുവേഷനും റവന്യൂ റിക്കവറിയും</u>

*398 ശ്രീ. ജി. സുധാകരൻ
,, എ.കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ സ്റ്റാമ്പ്ഡ്യൂട്ടി കുറവെന്ന് കണ്ടെത്തിയിട്ടുള്ള ആധാരങ്ങൾക്ക് റവന്യൂ റിക്കവറി നടപടികളിലൂടെ പണം ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അണ്ടർവാല്യുവേഷൻ നോട്ടീസ് അയച്ച്, ആംനസ്റ്റി സ്കീമിലൂടെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇതുപ്രകാരം ഭൂവുടമ അടയ്ക്കേണ്ട തുക നിശ്ചയിച്ചിരുന്നത് ആരായിരുന്നു;

(സി) അണ്ടർവാല്യുവേഷൻ കണ്ടെത്തുന്നതിന് എന്നുമുതലുള്ള ആധാരങ്ങളാണ് പരിശോധിക്കുന്നത്; ഇതിൽ തുക നിശ്ചയിക്കുന്നതിന് ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഐ. ടി. അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണം</u>

*399 ശ്രീ. വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ രംഗത്തെ ഐ. ടി. അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം മേഖലകളിലാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൽ നൽകാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ആരെല്ലാമാണ് സഹകരിക്കുന്നത് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ അമിത വില</u>

*400 ശ്രീ.ബി. സത്യൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണപദാർത്ഥങ്ങൾക്ക് അമിതമായി വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുതടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കപ്പെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രംഗത്തെ ചൂഷണം തടയുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച മാവേലി ഹോട്ടലുകളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; കാരണം വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>നെൽവയലുകൾ നികത്തൽ</u>

*401 ശ്രീ. ഇ. പി. ജയരാജൻ
'' കെ. വി. വിജയദാസ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയലുകളുടെ വിസ്തൃതി വർഷം തോറും കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാപകമായി നെൽവയലുകൾ നികത്തപ്പെടുന്നതാണ് ഇതിന് കാരണമെന്ന് അറിവുള്ളതാണോ;

(സി) നെല്ലുത്പാദനം വൻതോതിൽ കുറയുന്നതിനും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ രൂക്ഷമാക്കുന്നതിനും ഇത് കാരണമായിട്ടുള്ള കാര്യം വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(ഡി) അനധികൃതമായി നികത്തപ്പെട്ട പാടശേഖരങ്ങളും തണ്ണീർത്തടങ്ങളും ക്രമവൽക്കരിക്കുന്നതിന് സർക്കാർ നീക്കം നടത്തുന്നുണ്ടോ; ഇതിനായി നിയമഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അധിക വൈദഗ്ദ്ധ്യ സമ്പാദന പരിപാടി</u>

*402 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അധിക വൈദഗ്ദ്ധ്യ സമ്പാദന പരിപാടി (അസാപ്പ്) ആരംഭിച്ചതെന്നുമുതലാണ്; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>സ്കൂളുകളിലെ മലയാളം, ഇംഗ്ലീഷ് പഠനം</u>

*403 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
,, എസ്. രാജേന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മലയാളം ഒന്നാംഭാഷയായി പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയനവർഷം പുതുതായി ആരംഭിക്കുന്ന അൺ എയ്ഡഡ് ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) നിലവിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; പുതിയ ഡിവിഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി</u>

*404 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് അതതു സ്കൂളിലെ പി.റ്റി.എ. കൾ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും വേതനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ അവർക്ക് നൽകുന്ന മിനിമം വേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂളിലെ പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുന്നതിനുവേണ്ടി കുട്ടികളിൽ നിന്നും ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വിദ്യാഭ്യാസ അവകാശനിയമം പ്രകാരം എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമാ;

(എഫ്) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. യുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും അനുവദിച്ചതായ ഓണറേറിയം എയ്ഡഡ് സ്കൂളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും കൂടി ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അദ്ധ്യയന ദിവസങ്ങളുടെ എണ്ണം</u>

*405 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യയന നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ പരിഷ്ക്കരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) അദ്ധ്യയന ദിവസങ്ങളുടെ എണ്ണം കുറഞ്ഞു വരുന്ന പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്; ഇതു സംബന്ധമായി എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ടോൾ പിരിവിന് പുതിയ സംവിധാനം

*406 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, റ്റി.എ. അഹമ്മദ് കബീർ
,, കെ.എൻ.എ. ഖാദർ
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ്, പാലം എന്നിവയിലെ ടോൾ പിരിവ് സംവിധാനം പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ടോൾ പിരിവ് ലേലം ചെയ്തു നല്കുന്നതുമൂലം ഖജനാവിനുണ്ടാകുന്ന നഷ്ടവും, ദീർഘകാലം ടോൾ നൽകേണ്ടി വരുന്നതു മൂലം ജനങ്ങൾക്കുണ്ടാകുന്ന നഷ്ടവും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതേ കുറിച്ച് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ടോൾ പിരിവ്, നിർമ്മാണച്ചെലവുമായി ബന്ധപ്പെടുത്തിയാണെങ്കിൽ അതുസംബന്ധിച്ച് വിശദവിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പാഠ്യപദ്ധതി പരിഷ്ക്കരണ കമ്മിറ്റി റിപ്പോർട്ട്</u>

*407 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. സി. മമ്മൂട്ടി
,, എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്ക്കരണ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാന ശുപാർശകളുടെ വിവരം വെളിപ്പെടുത്തുമോ;

(സി) കൃഷിവിജ്ഞാനം, പൗരബോധം, സംസ്ക്കാരം എന്നിവയ്ക്കുകൂടി പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പ്രകൃതിദുരന്ത സാധ്യതാ ഭൂപടം</u>

*408 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്ത സാധ്യതാ ഭൂപടം സെസ് തയ്യാറാക്കി സമർപ്പിച്ചതെന്നാണ്; ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രകൃതിദുരന്തത്തിന്റെ പരിധിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ദുരന്തങ്ങൾ നേരിടുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഇതിനകം തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

റോഡുമുറിച്ചുകടക്കാൻ മേൽപാലങ്ങളും അടിപ്പാതകളും

*409 ശ്രീ.എൻ. ഷംസുദ്ദീൻ
,, കെ. എം. ഷാജി
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ കാൽനടയാത്രക്കാർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവയ്ക്ക് പരിഹാരമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലെ റോഡുകളുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും കാൽനടയാത്രക്കാർക്ക് അനുയോജ്യപാതകൾ കൂടി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗതാഗതത്തിരക്കുള്ള ഭാഗങ്ങളിൽ റോഡുമുറിച്ചുകടക്കാൻ മേൽപ്പാലങ്ങളോ അടിപ്പാതകളോ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

**ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം**

*410 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ – ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി</u>

*411 ശ്രീ. വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കയർ മേഖലയുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾക്കു പകരം ടാബ്ലറ്റ് ഉപയോഗിക്കുന്നതിനുള്ള പദ്ധതി

*412 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾക്ക് പകരം ടാബ്ലറ്റ് ഉപയോഗിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി ഏത് അദ്ധ്യയനവർഷം മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്

*413 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാനത്ത് ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ടാങ്കർ ലോറികളിൽ കൊണ്ടുവരുന്ന ഇന്ധനത്തിന്റെ അളവിലെ കൃത്യതയും പരിശോധനയും കണ്ടെത്താൻ എന്തെല്ലാം കാര്യങ്ങളാണ് യൂണിറ്റുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>മുന്നോക്ക വിഭാഗക്കാർക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതികൾ</u>

*414 ശ്രീ. ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വില നിയന്ത്രിക്കുന്നതിന് നിയമം</u>

*415 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വിലനിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വിലക്കയറ്റം തടയാൻ എന്തെല്ലാം വ്യവസ്ഥകളും നിയന്ത്രണങ്ങളുമാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) നിയമം പ്രാവർത്തികമാക്കുന്നതിനുമുൻപ് വ്യാപാരി വ്യവസായികളുമായും ഹോട്ടലുടമകളുമായും ചർച്ച നടത്തുമോ; വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>വിപണി ഇടപെടല്‍ പദ്ധതി</u>

*416 ശ്രീ. വി. പി. സജീന്ദ്രന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ വിപണി ഇടപെടല്‍ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത സാധനങ്ങള്‍ കുറഞ്ഞ നിരക്കിലും ജനങ്ങള്‍ക്ക് താങ്ങാനാവുന്ന വിലയിലും നല്‍കാന്‍ പ്രസ്തുത പദ്ധതിയിലൂടെ സൗകര്യമൊരുക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

സംസ്ഥാനത്തിന് വെളിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റം

*417 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമികളും അവയിലുള്ള കെട്ടിടങ്ങളും സംസ്ഥാനത്തിന് വെളിയിൽ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ ഭൂമികളിലെ കയ്യേറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ സംരക്ഷിക്കുവാൻ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പ്രയോജനം

*418 ശ്രീ. പി.റ്റി.എ. റഹീം
,, കെ. കുഞ്ഞിരാമൻ(ഉദുമ)
,, ആർ. രാജേഷ്
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള അപേക്ഷകരിൽ എത്ര ശതമാനം പേർക്ക് ഇതുവരെ ഭൂമി നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ കണ്ടെത്തിയിട്ടുള്ള ഭൂമി അനുയോജ്യമല്ലാത്തവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യത്യസ്ത ജില്ലക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകാനുള്ള തീരുമാനം പദ്ധതിയുടെ പ്രയോജനം നഷ്ടപ്പെടുത്തുന്നതും ഭൂമാഫിയകളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

പുതിയ താലൂക്കുകൾ

*419 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പുതിയ താലൂക്കുകളുടെ അതിർത്തി നിർണ്ണയം നടത്തികഴിഞ്ഞിട്ടുണ്ടോ;

(സി) അത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഏകാദ്ധ്യാപക സ്കൂളുകൾക്ക് കേന്ദ്ര ഫണ്ട്</u>

*420 ഡോ. കെ.ടി. ജലീൽ
ശ്രീ. എം.എ. ബേബി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പ് അദ്ധ്യയനവർഷാരംഭത്തിൽ ഏകാദ്ധ്യാപക സ്കൂളുകളെ പ്രൈമറി സ്കൂളുകളാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണ്;

(ബി) ഇതിനായി ലഭിക്കുമായിരുന്ന കേന്ദ്രഫണ്ട് ഈ കാരണത്താൽ നഷ്ടമാകുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ഭാവി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 17.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

‘T’ ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.